# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 07-10-2016 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **2533**

**മത്സ്യേതര തുറമുഖങ്ങളുടെ വികസനം**

ചോദ്യം | മറുപടി

ശ്രീ. എം.വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി.ഡി.സതീശൻ :
ശ്രീ. വി.എസ്.ശിവകുമാർ :

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

(എ) മത്സ്യേതര തുറമുഖങ്ങളുടെ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിവരിക്കുമോ ;

(എ) കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടത്തിലാണ്.

(ബി) ചരക്ക് ഗതാഗതവും, ചരക്ക് കപ്പൽ സർവ്വീസും പരിപോഷിപ്പിക്കുന്നതിന് തുറമുഖങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) തുറമുഖങ്ങൾ വഴി തിരിച്ച് വിടുന്ന ചരക്കുകൾക്ക് കേരള തീരത്ത് 1 രൂപ/കി.മി./മെ.ടൺ എന്ന തോതിലും, യാത്രക്കാർക്ക് 1 രൂപ/യാത്രക്കാർ/കി.മി എന്നതോതിലും ഇൻസെന്റീവ് നൽകുന്നതിനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഇത് 2017 ഫെബ്രുവരിയിൽ അവസാനിക്കും. ഇത് കൂടാതെ KSMDCL മുഖേന തുറമുഖ വകുപ്പ് കേരള തീരത്ത് കണ്ടെയ്നർ കപ്പൽ സർവ്വീസ് നടത്തിയിരുന്നു. കേരള തീരത്ത് സർവ്വീസ് നടത്തുന്നതിനായി 2 ചെറിയ യാത്രാ കപ്പലുകൾ വിദേശത്തുനിന്നും വരുത്തി ആയവ സർവ്വെ നടത്തി രജിസ്റ്റർ ചെയ്യുന്നതിനു സ്വകാര്യ കമ്പനി നടപടി സ്വീകരിക്കുന്നു.

| | | | |
|---|---|---|---|
| (സി) | ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിരിക്കുന്നത് ; വിവരിക്കുമോ ? | (സി) | ഈ സാമ്പത്തികവർഷം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ 108 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനായി 500 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ പൊന്നാനി തുറമുഖം പി.പി.പി മോഡലിൽ വികസിപ്പിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സാഗർമാല / ഭാരത്മാലാ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**